# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **12-07-2022 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ജീവിത സാഹചര്യം എന്നിവ ഉറപ്പാക്കി തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ജീവിത സാഹചര്യം എന്നിവ ഉറപ്പാക്കി തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ തീരപ്രദേശവും കടലും കായലുകളും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ വിപുലീകൃത തോതിൽ പുനരാവിഷ്കരിച്ചിട്ടുള്ള ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിക്ക് തുടക്കമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | 590 കിലോമീറ്ററോളം വരുന്ന കടൽത്തീരവും തീരക്കടലും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബൃഹദ് പരിപാടിയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ 590 കിലോമീറ്ററോളം വരുന്ന കടൽ തീരത്തെ 600 ആക്ഷൻ പോയിന്റുകളാക്കി തിരിച്ച് ഓരോ ആക്ഷൻ പോയിന്റുകളിലും 25 വോളന്റിയർമാർ വീതം അടങ്ങുന്ന ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിയ്ക്കും. അങ്ങനെ 15000 പേര് ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകൾ കേരളത്തിന്റെ തീരപ്രദേശത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ഉള്ള പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിൽ പങ്കെടുക്കും. ഇവരെ കൂടാതെ മത്സ്യത്തൊഴിലാളികൾ, വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ തുടങ്ങി സമൂഹത്തിലെ എല്ലാ തലങ്ങളിലുമുള്ള സന്നദ്ധ സേവനത്തിൽ താല്പര്യമുള്ള എല്ലാ വ്യക്തിത്വങ്ങളെയും ഈ ബൃഹത് പരിപാടിയുമായി സഹകരിപ്പിയ്ക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### I. കുടിവെള്ള പദ്ധതികൾ

ആലപ്പുഴ ജില്ലയിൽ ആലപ്പുഴ കുടിവെള്ള പദ്ധതിയും ജപ്പാൻ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയത് മൂലം തീരപ്രദേശത്തെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പ വരുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ നബാർഡ്, ആർ.ഐ.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന വികസന പദ്ധതിയുടെ ഭാഗമായും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും മോഡൽ ഫിഷറീസ് വില്ലേജ് പദ്ധതി പ്രകാരവും തീരദേശത്ത് ശുദ്ധമായ കുടിവെള്ളം സൃഷ്ടിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി, ഫിഷറീസ് വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവർ ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. കോഴിക്കോട് ജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ ചോമ്പാൽ മുതൽ അഴീത്തല വരെയുള്ള തീരപ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മടക്കര മുനമ്പം പ്രദേശത്ത് ഫിഷറീസ് വകുപ്പ് വഴി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

### II. ശുചിത്വമുള്ള ജീവിത സാഹചര്യം ഉറപ്പാക്കി തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്ന തിലേക്കായി വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ .

2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 15603 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പരിഗണിച്ചതിൽ 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി പരിഗണിച്ചതിൽ 1429 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും, 1199 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നില്ല.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം ജില്ലയിലെ കാരോട് (128 ഫ്ലാറ്റുകൾ), ബീമാപ്പള്ളി (20 ഫ്ലാറ്റുകൾ), മുട്ടത്തറ (192 ഫ്ലാറ്റുകൾ) മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ലാറ്റുകൾ എന്നിങ്ങനെ 468 ഫ്ലാറ്റുകൾ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കൽ തുകയുള്ള ബൃഹദ് പദ്ധതിയാണ് പുനർഗേഹം. 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും

50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. നിലവിൽ ഭൂമിയുള്ള ഭവന രഹിതരായതും, ഭൂരഹിത ഭവന രഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കൾക്കും, സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

**III. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ.**

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8.സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.
10. ഓഖി പുനരധിവാസ പദ്ധതികൾ.
11.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
12.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
13.മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.
14.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.
15. മേഖല ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി
16. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ ധനസഹായം
17. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി
18. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി

19. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം
20. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സ്ഡി
21. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം
22. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം
23. തീരദേശ വിദ്യാലയങ്ങളിൽ കായിക ഉപകരണ വിതരണവും ഗ്രൗണ്ട് നവീകരണവും ഏർപ്പെടുത്തുന്ന പദ്ധതി
24. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി
25. തീരപ്രദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി
26. തീരനൈപുണ്യ പദ്ധതി
27. തുടർ ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള തീരാരോഗ്യം പദ്ധതി

## IV. വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപെന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽഫീസ് മുതലായവയും നൽകി വരുന്നു. കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## V. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ .

സംസ്ഥാന സർക്കാർ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, നബാർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18 , 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ,

വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.